# നവോത്ഥാനത്തിന്റെ യാഥാർഥ്യവും പശ്ചാത്തലവും

നവോത്ഥാനത്തിന്റെ യാഥാർഥ്യവും അതനിവാര്യമാക്കുന്ന പശ്ചാത്തലവും മനസ്സിലാക്കണമെങ്കിൽ ഇസ്‌ലാമും ജാഹിലിയ്യത്തും തമ്മിലുള്ള സൈദ്ധാന്തികവും ചരിത്രപരവുമായ വടംവലികളെക്കുറിച്ചും അതിന്റെ രൂപപരിണാമങ്ങളെക്കുറിച്ചും സാമാന്യധാരണയെങ്കിലും ആവശ്യമാണ്. അസംഖ്യം രൂപങ്ങളും ഭാവങ്ങളും ഉണ്ടെങ്കിലും ഏത് കാലഘട്ടത്തിലെയും ജാഹിലിയ്യത്തിന് മൗലികമായി മൂന്ന് മുഖങ്ങളേയുള്ളൂ.

താത്ത്വികമായി അംഗീകരിച്ചാലും ഇല്ലെങ്കിലും പ്രായോഗിക ജീവിതത്തിൽ ദൈവവിശ്വാസത്തിനും പരലോക ബോധത്തിനും ഇടനല്കാതെ ശുദ്ധ ഭൗതികത മുഖമുദ്രയായി സ്വീകരിച്ച ഭൗതിക ജാഹിലിയ്യത്ത്, താത്ത്വികമായി ബഹുദൈവത്വമായിരിക്കുകയും പ്രായോഗിക ജീവിതത്തിൽ ഭൗതിക ജാഹിലിയ്യത്തുമായി അനുരഞ്ജനം പുലർത്തുകയും ചെയ്യുന്ന ബഹുദൈവത്വ ജാഹിലിയ്യത്ത്, താത്ത്വികമായും പ്രായോഗികമായും ഭൗതിക നിരാസം മുഖമുദ്രയായി സ്വീകരിച്ച പൗരോഹിത്യം തുടങ്ങിയവയാണ് എക്കാലത്തെയും ജാഹിലിയ്യത്തിന്റെ പ്രധാനപ്പെട്ട മൂന്ന് മുഖങ്ങൾ. മനുഷ്യന്റെ പരമാധികാരത്തിൽ അധിഷ്ഠിതമായ സ്വേഛാധിപത്യ ഭരണകൂടങ്ങൾ, മതത്തിന്റെയും ദൈവങ്ങളുടെയും പേരിൽ മനുഷ്യനിൽ പരമാധികാരം വാഴുന്ന മതാധിപത്യ ഭരണകൂടങ്ങൾ, ഭൗതികരംഗം അധർമകാരികൾക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള സന്യാസം തുടങ്ങിയവയെല്ലാം ഈ ജാഹിലിയ്യത്തുകളുടെ വ്യത്യസ്ത രീതിയിലുള്ള പ്രകാശനങ്ങളാണ്.

ജാഹിലിയ്യത്തിന്റെ ഈ മൂന്ന് മുഖങ്ങൾക്കുമെതിരെ സന്ധിയില്ലാ സമരം നടത്തിക്കൊണ്ടാണ് പ്രവാചകന്മാർ ആഗതരായത്. ഏകനായ ദൈവത്തിന്റെ പരമാധികാരത്തിലും മനുഷ്യൻ അവന്റെ മുമ്പിൽ ഉത്തരം ബോധിപ്പിക്കേണ്ടവനാണെന്ന ബോധത്തിലും, ദൈവത്തിന്റെ ഖലീഫഃ എന്ന നിലയ്ക്കുള്ള എല്ലാ ഉത്തരവാദിത്വവും ഭൗതിക ലോകത്ത് ശരിയായ വിധം പാലിക്കുന്നതിനെ ആശ്രയിച്ചാണ് പരലോകത്തെ വിജയ പരാജയങ്ങൾ എന്ന വിശ്വാസത്തിലും അധിഷ്ഠിതമായ ഒരു നാഗരികതയും സംസ്കാരവും ലോകത്ത് കെട്ടിപ്പടുക്കുവാൻ വേണ്ടിയാണ് അവർ അത്യധ്വാനം ചെയ്തത്. അധികാര ശക്തിയും സ്വാധീനവും കൈക്കലാക്കുന്നതടക്കമുള്ള ഒരു വിപ്ലവത്തിലൂടെയും നവോത്ഥാനത്തിലൂടെയും മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയുമായിരുന്നുള്ളൂ. അതിനാൽ സമൂലമായ അത്തരം ഒരു വിപ്ലവചിന്ത സമൂഹത്തിൽ ഉണർത്തിവിടാനാണ് എല്ലാ പ്രവാചകന്മാരും ശ്രമിച്ചത്. അവരിൽ ഇബ്റാഹീംനബിയെപ്പോലുള്ളവരുടെ പ്രവർത്തനം വിപ്ലവത്തിന് നിലം പാകപ്പെടുത്തുന്നതിൽ പരിമിതമായിരുന്നു. ഈസാനബിയെപ്പോലുള്ള പ്രവാചകന്മാർ വിപ്ലവകരമായ നവോത്ഥാന ശ്രമങ്ങൾ ആരംഭിച്ചുവെങ്കിലും ദൈവിക ഭരണം സ്ഥാപിതമാകുന്നതിനു മുമ്പുതന്നെ പ്രവർത്തനങ്ങൾ അവസാനിക്കുകയുണ്ടായി. ഈ നവോത്ഥാനത്തെ വിജയകരമായ പരിസമാപ്തിയിലെത്തിക്കാൻ അവസരം കൈവന്നത് മൂസാനബിയെയും മുഹമ്മദ് നബിയെയും പോലുള്ളവർക്കാണ്. അതിനാൽ പ്രവാചകന്മാരുടെ പ്രവർത്തനങ്ങൾ താഴെ പറയുന്ന മൂന്ന് സംഗതികളിൽ സംഗ്രഹിക്കാവുന്നതാണ്.

1. ബഹുജനങ്ങൾക്കിടയിൽ മാനസികവും ചിന്താപരവുമായ വിപ്ലവം ഉണർത്തിവിടുക- തങ്ങളുടെ ചിന്ത, പ്രവർത്തന ശൈലി, ജീവിത ലക്ഷ്യം, മൂല്യങ്ങളുടെ മാനദണ്ഡം തുടങ്ങിയവയെ പൂർണമായും ഇസ്‌ലാമീകരിക്കുകയാണ് ഈ വിപ്ലവത്തിന്റെ വിവക്ഷ.

2. ഇസ്‌ലാമിന്റെ അധ്യാപനങ്ങളും ശിക്ഷണങ്ങളും സർവാത്മനാ സ്വീകരിക്കാൻ തയ്യാറുള്ള വിഭാഗത്തെ സംഘടിപ്പിച്ചുകൊണ്ട് ജാഹിലിയ്യത്തിന്റെ കരങ്ങളിൽനിന്ന് അധികാരശക്തി പിടിച്ചെടുക്കാൻ ശ്രമിക്കുക; ഈ ശ്രമത്തിൽ അതത് കാലഘട്ടത്തിന്റെ സംസ്കാര നാഗരികതയിൽ നിലനില്ക്കുന്ന സകല വിഭവങ്ങളെയും ഉപാധികളെയും സാധ്യമായത്ര ഉപയോഗപ്പെടുത്തുക.

3. ഇസ്‌ലാമിക ഭരണവ്യവസ്ഥ സ്ഥാപിച്ചുകൊണ്ട് നാഗരികതയുടെ മുഴുവൻ മണ്ഡലങ്ങളെയും ശുദ്ധ ഇസ്‌ലാമിക മൂല്യങ്ങളിൽ പുനഃക്രമീകരിക്കുക; വിവിധ രീതിയിൽ ഇസ്‌ലാമിലേക്ക് പുതുതായി വരുന്നവർക്ക് ഇസ്‌ലാമിക ശിക്ഷണം നല്കുക.

ഇവ മൂന്നിന്റെയും സമ്പൂർണ മാതൃക സമർപ്പിച്ചതിന് ശേഷമാണ് മുഹമ്മദ്നബി വിടവാങ്ങിയത്. അദ്ദേഹത്തിനു ശേഷം പിൻഗാമികളായി വന്ന അബൂബക്റും ഉമറും ഈ പ്രവർത്തനം അതിന്റെ എല്ലാ സമഗ്രതയോടും കൂടി മുന്നോട്ട് കൊണ്ടുപോയി. അബൂബക്റിന്റെ ഭരണത്തിന്റെ ആദ്യനാളുകളിൽ മതപരിത്യാഗികൾക്കും സകാത് നിഷേധികൾക്കുമെതിരെ അദ്ദേഹം നയിച്ച യുദ്ധം ഇസ്‌ലാമിക സമൂഹത്തിലേക്ക് അരിച്ചുകയറാൻ തക്കം പാർത്ത് കഴിയുകയായിരുന്ന ജാഹിലിയ്യത്തിനെതിരായ വിജയകരമായ പോരാട്ടമായിരുന്നു. തുടക്കത്തിൽ ഉ*മറിനെപ്പോലുള്ളവർ പോലും സംശയിച്ചുനിന്ന സന്ദർഭത്തിൽ "അല്ലാഹുവാണ! റസൂലിന് നല്കിവന്ന ഒരൊട്ടകക്കയറാണ് എന്റെ ഗവൺമെന്റിന് തടയുന്നതെങ്കിൽ പോലും അതിന്റെ പേരിൽ അവരോട് ഞാൻ യുദ്ധം ചെയ്യു"മെന്ന അബൂബക്റിന്റെ പ്രഖ്യാപനം പ്രവാചക മാതൃകയോടും ഇസ്‌ലാമിന്റെ സമഗ്രതയോടും ആദ്യകാല ഖിലാഫത് എത്രമാത്രം താദാത്മ്യം പ്രാപിച്ചിരുന്നുവെന്നതിന്റെ മികച്ച ദൃഷ്ടാന്തമാണ്. ശക്തമായ ഒരു സൈനിക നീക്കത്തിലൂടെ ജാഹിലിയ്യത്തിനെ മുളയിലേ നുള്ളിക്കളഞ്ഞുവെന്നതിന്റെ പേരിൽ അബൂബക്റിനെ ഇസ്‌ലാമിലെ പ്രഥമ പരിഷ്കർത്താവായി പലരും വിശേഷിപ്പിച്ചിട്ടുണ്ട്. അബൂബക്റിനും ഉമറിനും ശേഷം ഖിലാഫത്തേറ്റെടുത്ത ഉഥ്മാന്റെ ഭരണത്തിന്റെ ആദ്യത്തെ ഏതാനും വർഷങ്ങളിൽ പ്രവാചക മാതൃക യാതൊരുവിധ പോറലുമില്ലാതെ നിലനിന്നു. പക്ഷേ, ഒരു ഭാഗത്ത് ഇസ്‌ലാമിക ഭരണത്തിന്റെ വമ്പിച്ച വികാസം ഉത്തരവാദിത്വ നിർവഹണത്തെ ക്ഷിപ്രസാധ്യമല്ലാതാക്കി മാറ്റുകയും മറ്റൊരു ഭാഗത്ത് ഈ വമ്പിച്ച ഉത്തരവാദിത്വം അർപ്പിക്കപ്പെട്ട ഉഥ്മാൻ തന്റെ മുൻഗാമികളിൽനിന്ന് ഭിന്നമായി ചില കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ സാഹചര്യങ്ങളുടെ സമ്മർദത്താൽ നിർബന്ധിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഇസ്‌ലാമിക സാമൂഹിക വ്യവസ്ഥയിലേക്ക് അരിച്ചുകയറാൻ ജാഹിലിയ്യത്തിന് തെല്ലൊരിടം കിട്ടുകയുണ്ടായി. അതിനെ പ്രതിരോധിക്കാൻ ഉഥ്മാൻ തന്നെക്കൊണ്ടാവും വിധമെല്ലാം ശ്രമിച്ചെങ്കിലും പൂർണമായി വിജയിക്കുകയുണ്ടായില്ല. അദ്ദേഹത്തിനു ശേഷം ഖിലാഫത് ഏറ്റെടുത്ത അലിയും ഇസ്‌ലാമിക രാഷ്ട്രീയത്തെ ജാഹിലിയ്യത്തിന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുത്താൻ അങ്ങേയറ്റം പരിശ്രമിക്കുകയുണ്ടായി. പക്ഷേ, അദ്ദേഹത്തിന്റെ ജീവത്യാഗത്തിനു പോലും ഈ പ്രതിവിപ്ലവത്തെ തടഞ്ഞു നിർത്താനായില്ല. അവസാനം ഖിലാഫതുൻ അലാ മിൻഹാജിന്നുബുവ്വഃ (പ്രവാചക മാതൃകയിലുള്ള ഖിലാഫത്) അവസാനിക്കുകയും തൽസ്ഥാനത്ത് രാജവാഴ്ച സ്ഥാപിതമാവുകയും ചെയ്തു. ഭരണരംഗത്തെ ബാധിച്ച ഈ വ്യതിയാനങ്ങളാണ് പില്ക്കാലത്ത് ഇസ്‌ലാമിക സമൂഹത്തിന്റെ ധൈഷണിക-വൈജ്ഞാനിക-കർമ മണ്ഡലങ്ങളിൽ അസംഖ്യം അനഭിലഷണീയമായ പ്രവണതകൾക്ക് ഇടം ലഭിക്കാൻ നിമിത്തമായത്. ഭൗതിക ജാഹിലിയ്യത്തിന്റെ സവിശേഷതകളായ സുഖലോലുപത, ഭൗതിക പ്രമത്തത, പൊതുമുതൽ ദുരുപയോഗം, അഭിപ്രായ സ്വാതന്ത്ര്യ നിഷേധം, വംശ-ഗോത്ര പക്ഷപാതം, ഏകാധിപത്യം തുടങ്ങിയ ഒട്ടേറെ തിന്മകൾ ഇസ്‌ലാമിക സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടത് ഭരണം ഖിലാഫത്തിൽനിന്ന് രാജവാഴ്ചയിലേക്ക് വഴിമാറിയതിനു ശേഷമാണ്. കലയിലും സാഹിത്യത്തിലുമെല്ലാം അതിന്റെ സ്വാധീനം പ്രകടമാവുകയും ചെയ്തു.

വിശ്വാസ വ്യതിയാനം സംഭവിച്ച ശീഈ, ഖവാരിജ്, മുഅ്തസിലഃ, ഖദരിയ്യഃ തുടങ്ങിയ രാഷ്ട്രീയ-ചിന്താ പ്രസ്ഥാനങ്ങൾ ഉടലെടുക്കാനും ശക്തിപ്പെടാനും കാരണമായതും ഭരണതലത്തിലെ ജീർണതകളായിരുന്നു.

ഖബർപൂജ, പുണ്യവാള പൂജ, ഇടതേടൽ, ജന്മദിനവും മരണദിനവും കൊണ്ടാടൽ തുടങ്ങി ഒട്ടേറെ ബിദ്അതുകൾ ഇസ്‌ലാമിക സമൂഹത്തിൽ പുനഃപ്രവേശിച്ചു. ഭരണകൂടത്തിന്റെ ഒത്താശയോടും ആശീർവാദത്തോടും കൂടിയാണ് ഇതെല്ലാം സംഭവിച്ചത്.

ഭൗതിക നിരാസവും നിഷ്ക്രിയത്വവും ജീവിത നൈരാശ്യവും പ്രസരിപ്പിക്കുന്ന സൂഫിസത്തിലേക്ക് ഒരു വിഭാഗം ശുദ്ധഗതിക്കാരെ തുടക്കത്തിൽ നയിച്ചതും ഭരണകൂടത്തിന്റെ കൊള്ളരുതായ്മകളായിരുന്നു. ഭരണാധികാരികളുടെ ഭൗതിക പ്രമത്തതയും അധാർമിക ചെയ്തികളും കാരണം മലീമസമായിത്തീർന്ന സാമൂഹിക ചുറ്റുപാടിൽനിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മാത്രമേ തങ്ങൾക്കെങ്കിലും മോക്ഷം ലഭിക്കുകയുള്ളൂവെന്ന സദ്വികാരമാണ് ഒരു വിഭാഗം സാത്വികന്മാരായ പണ്ഡിതന്മാരെ സൂഫിസത്തിന്റെ ഏകാന്ത തുരുത്തിലേക്ക് നയിച്ചത്. എന്നാൽ പില്ക്കാലത്ത് ഈ സൂഫിസം പൗരോഹിത്യ ജാഹിലിയ്യത്തിന്റെ സ്വാധീനം കാരണം പരിഷ്കരണം ആവശ്യമായ ഒരു വലിയ ജീർണതയായി രൂപാന്തരപ്പെട്ടു.

ഇങ്ങനെ നോക്കുമ്പോൾ പ്രവാചകന്മാർ ചെറുത്ത് തോല്പിച്ച-നടേ പറഞ്ഞ- മൂന്നുതരം ജാഹിലിയ്യത്തു തന്നെയാണ് ഇസ്‌ലാമിക ചരിത്രത്തിന്റെ വിവിധ ദശാ സന്ധികളിൽ വൈവിധ്യമാർന്ന രൂപത്തിലും ഭാവത്തിലും പുനരവതരിച്ചത് എന്ന് കാണാവുന്നതാണ്. താത്ത്വികമായി മുസ്‌ലിംകൾ ഈ ജാഹിലിയ്യത്തിനെ അംഗീകരിക്കുന്നുണ്ടാവില്ല. എങ്കിലും അവരുടെ പ്രായോഗിക ജീവിതം അവയുടെ കേളീരംഗമാകാറുണ്ട്. അതിനാൽ ഇസ്‌ലാമിക സമൂഹത്തിന്റെ പ്രായോഗിക ജീവിതത്തെ ശിഥിലവും മലീമസവുമാക്കിയ ജാഹിലിയ്യത്തിന്റെ പുനരവതാരങ്ങൾക്കെതിരെയുള്ള പോരാട്ടവും, തനതായ സ്ഥാനത്തുള്ള ഇസ്‌ലാമിന്റെ പുനഃസ്ഥാപനവും ഇസ്‌ലാമികമായ ഒരാവശ്യമാണ്. ഈ ആവശ്യത്തിന്റെ പൂർത്തീകരണമാണ് നവോത്ഥാനം നിർവഹിക്കുന്നത്. ഇത്തരം പ്രവർത്തനം നിർവഹിക്കുന്ന വ്യക്തിത്വങ്ങൾ മുജദ്ദിദ് (നവോത്ഥാന നായകൻ), മുസ്‌ലിഹ്(പരിഷ്കർത്താവ്) എന്നീ പേരുകളിൽ അറിയപ്പെടുന്നു.